ശ്രീ. സി. കെ. തങ്കപ്പൻ : കാർഷിക യന്ത്രോപകരണങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഒരു പ്രധാന ജോലിയാണ് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ പ്രവർത്തനം. അങ്ങനെ ഉൽപ്പാദിപ്പിക്കുന്ന ഈ യന്ത്രോപകരണങ്ങൾ സ്വന്തമായി അൽപ്പമെങ്കിലും കൃഷി ഭൂമിയുള്ള ഹരിജനങ്ങളുടെ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ സൗജന്യമായി കൊടുക്കാൻ വല്ല വ്യവസ്ഥയുമുണ്ടോ ; ഇല്ലെങ്കിൽ അത് രൂപീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തന്നെ 37 പവ്വർ ട്രില്ലറുകൾ ഹരിജൻ സർവ്വീസ് സഹകരണ സംഘങ്ങൾക്ക് സൗജന്യമായി കൊടുത്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : അഗ്രോ മെഷിനറി ഇൻഡസ്ട്രീസ് കോർപ്പറേഷൻ 1983-84, 1984-85 ഈ സാമ്പത്തിക വർഷത്തിൽ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ലെന്ന് പറഞ്ഞു. ഓരോ കൊല്ലവും കണക്ക് തിട്ടപ്പെടുത്തി അതിന്റെ ആഡിറ്റ് ചെയ്യിച്ചില്ലെങ്കിൽ ഇതിന്റെ ഡയറക്ടറുടെ പേരിൽ പ്രോസിക്യൂഷൻ നടപടി എടുക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കൃത്യമായി കണക്കുകൾ പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിലേക്കുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തു കഴിഞ്ഞിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അഗ്രോ മെഷീനറിയിൽ നിന്ന് വിടർത്തിക്കഴിഞ്ഞതിനുശേഷം സാധനങ്ങൾ വിൽക്കുന്ന ഇടപാടും നന്നാക്കലും മാത്രമേയുള്ളോ ? പല വർക്കുഷോപ്പുകളും ഇന്ന് ആളില്ലാതെയും, വർക്ക്ഷോപ്പുകളിൽ ആവശ്യമായവിധത്തിലുള്ള നടപടികളും എടുക്കാതെയും വന്നതിന്റെ ഫലമായി ഈ സാധനങ്ങൾക്ക് കേടുപാട് വന്നാൽ അത് ശരിയാക്കിക്കൊടുക്കുന്നതിനുള്ള നടപടികളും ഇല്ലാതെ വരുന്നുണ്ട്. അതുപോലെ തന്നെ അഗ്രോ മെഷീനറി ഇതിൽനിന്ന് വിട്ടുപോയിക്കഴിഞ്ഞതിനുശേഷം —അഗ്രോ പവ്വർട്രില്ലറായിരുന്ന ഇത് സാധാരണ വിറ്റുകൊണ്ടിരുന്നത് അത് മാറി കഴിഞ്ഞതിനുശേഷം ഇത് നഷ്ടമായിവരത്തക്കവിധത്തിലുള്ള നടപടികളിലേക്ക് നിങ്ങിക്കൊണ്ടിരിക്കുകയാണ്. കഴിയുന്നതുംവേഗം കർഷകർക്ക് ആവശ്യമായിട്ടുള്ള മെഷിനറികൾ ഉണ്ടാകുന്നതിനുവേണ്ടിയിട്ടുള്ള നടപടിയെടുക്കുമോ ?

ശ്രീ എൻ. സുന്ദരൻ നാടാർ : അത് പരിശോധിച്ച് ആവശ്യമായ നടപടി എടുക്കുന്നതാണ്.

ശ്രീ. വി. ദിനകരൻ : അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് ജില്ലാ ആസ്ഥാനങ്ങളിൽ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ ? അങ്ങനെയാണെങ്കിൽ ആലപ്പുഴ ജില്ലയിൽ ഓഫീസ് പ്രവർത്തിക്കുന്നില്ലെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അവിടെ അടിയന്തിരമായി ഒരു ഓഫീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ആ സ്ഥാനം ഇപ്പോൾ തിരുവനന്തപുരത്താണ്. അത് മാറ്റാൻ ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

* 416. [444] ശ്രീ. ടി. കെ. ആറുമുഖൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) :

,, ടി. കെ അബ്ദു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പ് ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം ലഭിക്കുമോ ;

(സി) എത്ര പ്ലാൻറുകൾ ഇതിനകം നിർമ്മിച്ചിട്ടുണ്ട് ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) കൃഷി വകുപ്പിൻെറ ആഭിമുഖ്യത്തിൽ ദേശീയ ബയോഗ്യാസ് പദ്ധതി പ്രകാരം ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 6111 പ്ലാൻറുകൾ.

ശ്രീ. ടി. കെ. ആറുമുഖൻ : കേന്ദ്ര ഗവൺമെൻറിൽ നിന്നും സാമ്പത്തിക സഹായം കിട്ടുന്നുണ്ടെന്നാണ് പറഞ്ഞത്. എന്ത് സാമ്പത്തികസഹായം കേന്ദ്ര ഗവൺമെൻറിൽ നിന്നും കിട്ടിയിട്ടുണ്ടെന്ന് പറയാൻ കഴിയുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഈ സ്കീം 1983 മുതലാണ് ആരംഭിച്ചത്, കഴിഞ്ഞകൊല്ലം വരെ 1983 മുതൽ 1986 വരെ 113 ലക്ഷം രൂപയുടെ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ആറുമുഖൻ : 6,111 ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിച്ചുവെന്ന് പറഞ്ഞു. ഇതിന് ആകെ എത്ര രൂപ ചെലവായി എന്ന് പറയാൻ കഴിയുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അതാണ് ഞാൻ പറഞ്ഞത്. 113 ലക്ഷം രൂപയുടെ സബ്സിഡിയും 385 ലക്ഷം രൂപയുടെ വായ്പയുമാണ്.

ശ്രീമതി കെ. ആർ. ഗൗരി : കൃഷി വകുപ്പിൽ നിന്നും ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിച്ചുകൊടുക്കുന്നത് കൃഷിക്കാരാണ്, അല്ലാതെ വകുപ്പ് അല്ല. കൃഷിക്കാരൻ നിർമ്മിക്കുന്നതിനാണ് ഗ്രാൻറ് കൊടുക്കുന്നത്. ഇന്നത്തെ നിലയിൽ ഈ വകുപ്പിലേയ്ക്ക് കൊള്ളിച്ചിരിക്കുന്ന പണം കുറവായതുകൊണ്ട് ഖാദി ബോർഡിൻെറ ഏജൻറായിപ്പോലും ഇത് പ്രവർത്തിക്കത്തക്കവിധത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അങ്ങനെയുള്ള ഒരു പരാതിയും വന്നിട്ടില്ല. ഏഴാം പഞ്ചവൽസര പദ്ധതിയിൽ പന്തീരായിരം ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കണമെന്നാണ് നിർദ്ദേശം. 1986-87-ൽ 2,400 എണ്ണം സ്ഥാപിക്കുന്നുണ്ട്. അതൊക്കെ പുരോഗതിയിലേക്ക് നീങ്ങുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി : ആവശ്യത്തിനുള്ള പണം ബഡ്ജറ്റിലില്ലാത്തതുകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യത്തിനാവശ്യമായ പ്ലാൻറുകൾ ഉണ്ടാക്കാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഖാദി ബോർഡിൻെറ പണം പലപ്പോഴും ലാപ്സാകുന്നത്. അതുകൊണ്ട് ഖാദിബോർഡിൻെറ കൂടെ പണം ഉപയോഗിച്ചുകൊണ്ട് ഈ കൃഷിക്കാർക്ക് ഇത് ഉല്പാദിപ്പിക്കാനുള്ള ഗ്രാൻറ് കൊടുക്കുന്നതിന് ഏജൻറായി പ്രവർത്തിക്കാമോ എന്നാണ് ചോദിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. സുന്ദരൻ നാടാർ : ഖാദി ബോർഡ് ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് 2,000 ബയോഗ്യാസ് പ്ലാൻറുകളും സ്ഥാപിച്ചിട്ടുണ്ട്. കണക്കുകളും പരിശോധിക്കുമ്പോൾ 1983-84-ൽ 50 ആണ് ലക്ഷ്യമിട്ടിരുന്നത്. അതിൽ 517 പൂർത്തിയായി. 1984-85-ൽ 2,500 ആണ് ലക്ഷ്യമിട്ടിരുന്നതെങ്കിൽ 2757 എണ്ണം പൂർത്തിയായി. 1985-86-ൽ 2,400 ആണ് ലക്ഷ്യമിട്ടിരുന്നതെങ്കിൽ 2,405 എണ്ണം പൂർത്തിയായി. ഇക്കൊല്ലം 2,400 ആണ് ലക്ഷ്യമിട്ടിരിക്കുന്നത്. അത് പൂർത്തീകരിക്കും.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ബയോ ഗ്യാസ് പ്ലാൻറുകളും നിർമ്മിക്കുന്നതിന് ഖാദി ബോർഡാണ് സഹായം നൽകുന്നതെന്ന് പറഞ്ഞു. കേരളാ ഗവൺമെൻറ് ഇക്കാര്യത്തിൽ എന്താണ് ചെയ്തിട്ടുള്ളത്. വല്ലതും ഉണ്ടോ? ഖാദി ബോർഡാണ് ഇപ്പോഴും ചെയ്യുന്നത്. ഗവൺമെൻറിൻെറ വല്ല ആനുകൂല്യവും ഇതിൽ നൽകിയിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഇത് സാമ്പത്തിക സ്ഥാപനത്തിൻെറയും കേന്ദ്ര ഗവൺമെൻറിൻെറയും സഹായമാണ്. അത് ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : ബയോ ഗ്യാസ് പ്ലാൻറുകളുടെ നിർമ്മാണം വ്യാപകമായ തോതിൽ നടത്തുന്നത് ഗ്രാമപ്രദേശങ്ങളിലെ കർഷകരുടെയിടയിലാണെന്ന് പറഞ്ഞു. അവർക്ക് ഇക്കാര്യത്തിൽ വേണ്ടത്ര അറിവില്ലാത്തതിൻെറ പേരിൽ ചില ഏജൻറുമാർ അവരെ കൂടുതൽ ചൂഷണം ചെയ്യുന്നതായിട്ടുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് അവസാനിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഡിപ്പാർട്ടുമെൻറ് വളരെ താല്പര്യപൂർവ്വം ചെയ്തുകൊണ്ടിരിക്കുന്നതാണിത്. ചൂഷണം എവിടെയെങ്കിലുമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചാൽ അതിനെക്കുറിച്ച് അന്വേഷിക്കുന്നതാണ്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണത്തിൽ ഇപ്പോൾ ഉദ്ദേശിക്കുന്നതിനെക്കാളും കൂടുതൽ അധികച്ചെലവ വരുന്നതുകൊണ്ട് ഇന്നു നിലവിലുള്ള ഗ്രാൻറിൻെറ തുക വർദ്ധിപ്പിച്ച് ഈ പാവപ്പെട്ട കൃഷിക്കാരെ സഹായിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അങ്ങനെ പല അഭിപ്രായവും വന്നിട്ടുണ്ട്. അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. ടി. കെ. അബ്ദു : ബയോ ഗ്യാസ് പ്ലാൻറിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള എത്ര ആളുകൾക്ക് ഇത് അനുവദിച്ചുകൊടുത്തിട്ടുണ്ട്. ഇനി അനുമതി കിട്ടാതെ എത്ര അപേക്ഷകൾ കിടപ്പുണ്ട് എന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അങ്ങനെയുള്ള പരാതിയൊന്നും ഉണ്ടായിട്ടില്ല. ഇക്കൊല്ലം 2,400 ആണ്. ഇത് ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ആവശ്യത്തിനുള്ള അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. അബ്ദു : ഇതിനുവേണ്ടി അപേക്ഷിച്ചിട്ടുള്ള അപേക്ഷകളിൽ അനുവാദം കിട്ടാതെ പെൻഡിംഗിലായി കിടക്കുന്ന എത്ര അപേക്ഷകളുണ്ടെന്നാണ് ചോദിച്ചത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ. ടി. കെ. അബ്ദു : ഖാദി ബോർഡ് നിർമ്മിച്ചുകൊടുക്കുന്ന പ്ലാൻറുകളും ഡിപ്പാർട്ടുമെൻറുണ്ടാക്കികൊടുക്കുന്ന പ്ലാൻറുകളെക്കാളും മെച്ചമാണെന്നും ലാഭകരമാണെന്നും കേൾക്കുന്നത് ശരിയാണോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് ശരിയല്ല.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി നൽകാനുള്ള ലക്ഷ്യം

* 417. [445] ശ്രീ. പന്തളം സുധാകരൻ :
,, കെ. മുഹമ്മദാലി :
,, ജോസ് കുറ്റിയാനി :
,, കെ. രാഘവൻ മാസ്റ്റർ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും വൈദ്യുതി നൽകാനുള്ള ലക്ഷ്യം എപ്പോൾ കൈവരിക്കാൻ സാധിക്കുമെന്ന് പറയാമോ ;

(ബി) 30-9-1986 വരെ എത്ര പട്ടിക വർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചു ;

(സി) ശേഷിക്കുന്നവ എത്ര ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് ശുപാർശ ചെയ്യുന്ന പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ മാത്രമാണ് വിദ്യുച്ഛക്തി ബോർഡ് പ്രത്യേക പരിഗണന നൽകി സ്പെഷ്യൽ കമ്പോണൻറ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം നൽകുന്ന മുറയ്ക്ക് കോളനികളുടെ വൈദ്യുതീകരണം നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) ഒട്ടാകെ 30-9-1986 വരെ 141 പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ചു. ഈ സാമ്പത്തിക വർഷത്തിൽ 30-9-1986 വരെ 9 (ഒമ്പത്) എണ്ണം വൈദ്യുതീകരിച്ചു.

(സി) വിദ്യുച്ഛക്തി ബോർഡിൻെറ പദ്ധതിവിഹിതമനുസരിച്ച് ഈ സാമ്പത്തികവർഷം 16 പട്ടിക വർഗ്ഗ കോളനികൾകൂടി വൈദ്യുതീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ : വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച കോളനികൾ മാത്രമാണ് മന്ത്രിയുടെ കണക്കിലുള്ളതെന്ന് പറഞ്ഞു. സംസ്ഥാനത്തുള്ള മുഴുവൻ കോളനികളും എന്നത്തേയ്ക്ക് വൈദ്യുതീകരിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് വല്ല ചർച്ചയും പരിശോധനയും നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാൻ മനസ്സുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly